**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3294** **25-10-2021 - ൽ മറുപടിയ്ക്ക്**

**ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയാൽ സർട്ടിഫിക്കറ്റ് നൽകുന്നത് വരെയുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; | (എ) | ലാൻഡ് റവന്യൂ മാന്വൽ, വാല്യം 6 ന്റെ 236-ാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് അനന്തരാവകാശ സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു. അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ വിശദമായ പ്രാദേശികാന്വേഷണം നടത്തേണ്ടതും മരണപ്പെട്ടയാളുടെ മരണത്തീയതിയിൽ പ്രായപൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽ സാക്ഷികളിൽ നിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള മൊഴി ശേഖരിക്കേണ്ടതുമാണ്. അപേക്ഷകന്റെ സത്യവാങ്മൂലം, അയൽസാക്ഷി മൊഴികൾ, അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള രേഖകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ടു സഹിതം വില്ലേജ് ആഫീസർ തഹസീൽദാർക്കു സമർപ്പിയ്ക്കുന്നു. തുടർന്ന് തഹസീൽദാർ ടി രേഖകൾ പരിശോധിച്ച് അവകാശികളെ സംബന്ധിച്ച ഗസറ്റ് പരസ്യം തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുന്നു. ടി പരസ്യം ഗസറ്റിൽ വന്ന് 30 ദിവസത്തിനുള്ളിൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് തയ്യാറാക്കി അപേക്ഷകന്/ അപേക്ഷകയ്ക്ക് നൽകുന്നു. |
| (ബി) | അപേക്ഷ നൽകിയവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ; നടപടികൾ ത്വരിതപ്പെടുത്തുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവകാശികളെ സംബന്ധിച്ച പരസ്യം ഗസറ്റിൽ വന്ന് 30 ദിവസത്തിനുള്ളിൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലായെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ